**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2092** **03-03-2025 - ൽ മറുപടിയ്ക്ക്**

**ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 2016-ൽ അധികാരത്തിൽവന്ന സർക്കാരിന്റെ നിശ്ചയ ദാർഢ്യത്തോടെയുള്ള പ്രവർത്തനത്തിന്റെ ഫലമായി സംസ്ഥാനത്ത് ഗെയിൽ വാതക പൈപ്പ്ലൈൻ (KKBMPL) നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഗെയിൽ (ഇന്ത്യ) യ്ക്ക് പൈപ്പ്ലൈൻ വിന്യസിക്കാനായി അനുമതി ലഭിച്ച മൊത്തം 566.3 കിലോമീറ്ററിലും 2020-2021 കാലയളവിൽ പൈപ്പ്ലൈൻ വിന്യസിച്ച് പദ്ധതി കമ്മീഷൻ ചെയ്തിട്ടുണ്ട്.<br><br>പദ്ധതി പൂർത്തിയായതോടെ,<br><br>1) BPCL, FACT മുതലായ പ്രമുഖ വ്യവസായശാലകളുടെ പ്രവർത്തനം പ്രകൃതി വാതകത്തിലേക്ക് പരിവർത്തനം ചെയ്യുവാൻ സാധിച്ചു. ഇതിലൂടെ അന്തരീക്ഷ മലിനീകരണം വലിയൊരളവിൽ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.<br><br>2) ഗാർഹിക ആവശ്യങ്ങൾക്കുവേണ്ടി City Gas Distribution പദ്ധതി നടപ്പിലാക്കി.<br><br>3) വാഹനങ്ങൾക്ക് വേണ്ട സി. എൻ. ജി. പദ്ധതിയും പ്രാവർത്തികമാക്കുവാൻ ഇതുമൂലം സാധിച്ചു.<br><br>4) VAT/GST ഇനത്തിൽ സംസ്ഥാനത്തിന് വരുമാന വർദ്ധന ഉണ്ടായിട്ടുണ്ട്.<br><br>ഇന്ത്യൻ ഓയിൽ-അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് (IOAGPL) എന്ന സ്ഥാപനമാണ് എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ പദ്ധതി നടപ്പിലാക്കുന്നത്. എറണാകുളം ജില്ലയിൽ 2016 മുതലും പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ 2022മുതലും ഗാർഹിക |

| | | | |
|---|---|---|---|
| | | | കണക്ഷനുകൾ നൽകി തുടങ്ങി. തൃശ്ശൂർ ജില്ലയിൽ 2023 മുതൽ ഗാർഹിക കണക്ഷനുകൾ നൽകി തുടങ്ങി. എറണാകുളം ജില്ലയിൽ 2018 മുതലും, പാലക്കാട് ജില്ലയിൽ 2022 മുതലും, കോഴിക്കോട്, തൃശ്ശൂർ എന്നീ ജില്ലകളിൽ 2023 മുതലും, മലപ്പുറം ജില്ലയിൽ 2024 മുതലും പ്രകൃതി വാതകവും നൽകി തുടങ്ങിയിട്ടുണ്ട്.<br><br>എ.ജി.പി സിറ്റി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനമാണ് തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിൽ സിറ്റി ഗ്യാസ് ഡിസ്ട്രിബൂഷൻ പദ്ധതി നടപ്പിലാക്കുന്നത്. വാണിജ്യ, ഗാർഹിക ഉപഭോക്താക്കൾക്ക് പ്രകൃതിവാതക വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട്. കൂടാതെ വ്യാവസായിക ആവശ്യത്തിന് ദ്രവീകൃതപ്രകൃതിവാതകം നേരിട്ട് നൽകുന്നുമുണ്ട്.<br><br>പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ പദ്ധതി നടപ്പാക്കുന്നത് ഷോളഗാസ്കോ ലിമിറ്റഡാണ്.<br><br>കോട്ടയം ജില്ലയിൽ 2024 മുതൽ സി.എൻ.ജി വിതരണം ആരംഭിച്ചിട്ടുണ്ട്.<br><br>2030 ഓട് കൂടി പരമാവധി ഉപഭോക്താക്കൾക്ക് പ്രകൃതി വാതകം എത്തിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങളാണ് കമ്പനികൾ നടത്തി വരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തിന് ഇതുവരെ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം ടൗണുകളിൽ നേരിട്ട് പ്രകൃതി വാതക വിതരണം നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |
| (സി) | പ്രസ്തുത പദ്ധതി സംസ്ഥാനത്തെ എല്ലാ നഗരങ്ങളിലും എന്നത്തേക്ക് നടപ്പിലാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ? | (സി) | മേൽ (എ) പിരിവിനുള്ള മറുപടി കണ്ടാലും |

സെക്ഷൻ ഓഫീസർ